# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ്
# (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 09/2021
# 29.01.2022 ഗൂഗിൾ മീറ്റ്

## മിനിട്സ്

**അജണ്ട**

1. അനുശോചനം
2. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിങ്
3. ജില്ലാറിപ്പോർട്ടിങ്
4. യൂണിറ്റ് - ജില്ലാ - സംസ്ഥാന സമ്മേളനം
5. അഖിലേന്ത്യ പണിമുടക്ക്
6. ഫെഡറേഷൻ ദേശീയസമ്മേളനം
7. സംഘശബ്ദം

**ഹാജർ**

ഡോ. എൻ. മനോജ്, ഡോ. എം. സത്യൻ, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. ഗീത നമ്പിയാർ എം. കെ., ഡോ. രാജേഷ്കുമാർ പി., ഡോ. വിനു ഭാസ്ക്കർ, സന്തോഷ് ടി. വർഗീസ്, രഘുദാസ് പി. വി., ശശി സി. ടി., ഡോ. സുനിൽ വി. ടി., ഡോ. പ്രിൻസ് പി. ആർ., സൗമ്യ എസ്, ഡോ. മാണിക്യരാജ് കെ., ഡോ. എം. എ. അസ്കർ, ഡോ. സുനിത എ. പി., ഡോ. ഷാനവാസ് പി. എച്ച്, ഡോ. ബേബി ഷീബ, ജിനീഷ് പി. എസ്., ഡോ. എം. എസ്. മുരളി, ഡോ. ജോജോമോൻ എൻ.എ., ഡോ. ബി. അശോക്, സജിത്ത് കുമാർ പി., രജിത സി. ആർ., ഡോ. എ. ബാലകൃഷ്ണൻ, ഡോ. പ്രദീപ് കുമാർ, ഡോ. അനൂപ് ജെ. ആലക്കപ്പള്ളി, രഞ്ജിത് മോഹൻ പി., ആൽബർട്ട് ആന്റണി, അബ്ദുൾ റഷീദ്, സുശാന്ത് ബി., ദിനേശ് പി. കെ., സോബിൻ വർഗീസ് എം. വി., മഞ്ജുള കെ. വി., ആസിഫ് ഇക്ബാൽ കാക്കശ്ശേരി, ഡോ. അലിക്കുട്ടി സി., ഡോ. റോസ്നികസ് പി. കെ., ഡോ. വിഷ്ണു വി.എസ്., ഡോ. സുമിജോയി ഒലിയപ്പുറം, ഡോ. സെനോ ജോസ്, ഡോ. ആനന്ദ് ദിലീപ് രാജ്, ജയരാജ് ജെ., ഡോ. ഷജില ബീവി, ഡോ.റിജുലാൽ ജി.ഡോ.ചന്ദ്രമോഹൻ കെ.ടി., രാജു. എം.സി.,ഡോ.പ്രകാശൻ പി. പി.

രാവിലെ 10.30ന് ഓൺലൈനായി ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡണ്ട് ഡോ. എൻ. മനോജ് ആധ്യക്ഷം വഹിച്ചു. ജനറൽ സെക്രട്ടറി ഡോ. എം. സത്യൻ റിപ്പോർട്ട് അവതരിപ്പിച്ചു. സംസ്ഥാന ട്രഷറർ ഡോ. മുഹമ്മദ് റഫീഖ് അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

സംവിധായകൻ കെ എസ് സേതുമാധവൻ, നിയമസഭാ സാമാജികൻ പി ടി തോമസ്, നൊബേൽ പുരസ്കാര ജേതാവ് ഡെസ്മണ്ട് ടുട്ടു, കൂനൂർ ഹെലികോപ്റ്റർ അപകടത്തിൽ മരണമടഞ്ഞ സംയുക്തസൈനിക മേധാവി ജനറൽ ബിപിൻ റാവത്ത്, ജെ. ഡബ്ല്യു. ഒ. പ്രദീപ്, ഒപ്പമുണ്ടായിരുന്ന ധീരസൈനികർ, ജീവശാസ്ത്രജ്ഞൻ ഇ. ഒ. വിൽസൻ, സംഗീത സംവിധായകൻ കൈതപ്രം വിശ്വനാഥൻ, വിഖ്യാത ചരിത്രകാരൻ ജോനാഥൻ സ്പെൻസ്, ചലച്ചിത്ര താരം ജി.കെ. പിള്ള, സ്വാതന്ത്ര്യസമരസേനാനി കെ അയ്യപ്പൻ പിള്ള, യൂത്ത് കോൺഗ്രസ് പ്രവർത്തകരുടെ കൊലക്കത്തിക്കിരയായ ഇടുക്കി പൈനാവ് എഞ്ചിനിയറിംഗ് കോളേജ് വിദ്യാർത്ഥിയും എസ്.എഫ്.ഐ. സജീവ പ്രവർത്തകനുമായ ധീരജ് രാജേന്ദ്രൻ, പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞൻ പ്രൊഫ. എം. കെ. പ്രസാദ്, ജീവകാരുണ്യ പ്രവർത്തകൻ സായിറാം ഭട്ട്, സി.പി.ഐ.(എം) ജമ്മുകാശ്മീർ

സംസ്ഥാന സമിതി അംഗം സ.ശ്യാമപ്രസാദ് കേസർ, പ്രമുഖ ഹിന്ദി പണ്ഡിതനും, കേരള ഹിന്ദിസാഹിത്യ അക്കാദമി സ്ഥാപകനും പദ്മശ്രീ ജേതാവുമായ ഡോ. എൻ. ചന്ദ്രശേഖരൻ നായർ, പട്ടാമ്പി കോളേജിലെ ചരിത്ര വിഭാഗം അധ്യാപികയും എ.കെ.ജി.സി.ടി അംഗവുമായ വസന്ത ടീച്ചർ, കോവിഡ് മഹാമാരിയിൽ അകപ്പെട്ട് നമ്മെ വിട്ടുപിരിഞ്ഞ അനേകായിരം മനുഷ്യർ, ആരോഗ്യപ്രവർത്തകർ തുടങ്ങിയവരുടെ നിര്യാണത്തിൽ കമ്മിറ്റി അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ, സംസ്ഥാനത്ത് കോവിഡ് വ്യാപനം അതിരൂക്ഷമായി തുടരുകയാണ്. നമ്മുടെ ഒട്ടനവധി സംസ്ഥാനസമിതി അംഗങ്ങളും, അധ്യാപകരുമെല്ലാം കോവിഡ് രോഗബാധയുടെ വിവിധ ബുദ്ധിമുട്ടുകൾ നേരിടുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. നമ്മൾ കനത്ത ജാഗ്രത പുലർത്തണം. ഇതിനു മുമ്പ് പ്രവർത്തകസമിതി ചേർന്നത് ഡിസംബർ അഞ്ചാം തീയ്യതിയാണ്. ഈ കാലയളവിൽ നടന്ന പ്രവർത്തനങ്ങൾ ചുരുക്കി റിപ്പോർട്ട് ചെയ്യുകയാണ്.

2022-23 വർഷത്തെ കോളേജ് അധ്യാപകരുടെ പൊതുസ്ഥലമാറ്റവുമായി ബന്ധപെട്ട് എത്രയും പെട്ടന്ന് അപേക്ഷ ക്ഷണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഡയറക്ടർക്കു കത്ത് നൽകിയിട്ടുണ്ട്. കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ ജനുവരി 24നു തുടങ്ങാനിരുന്ന പ്രൊഫസർഷിപ്പ് ഇന്റർവ്യൂ മാറ്റി വച്ചിട്ടുണ്ട്. സാഹചര്യങ്ങൾ അനുകൂലമായാൽ മാർച്ച് മാസം നടത്താനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

വളരെക്കാലമായി നടക്കാതിരുന്ന പ്രിൻസിപ്പൽ നിയമനം എത്രയുംവേഗം നടപ്പിലാകും. ഏഴാം യു.ജി.സി. റെഗുലേഷൻ അനുസരിച്ചുള്ള യോഗ്യതകൾ പാലിച്ചുകൊണ്ട് ഡി.പി.സി. ചേർന്ന് സീനിയോറിറ്റി ക്രമത്തിൽ നിയമനം നടത്തണമെന്ന രീതിയിലാണ് കാര്യങ്ങൾ മുന്നോട്ടു പോകുന്നത്. അതനുസരിച്ച് പ്രിൻസിപ്പൽ നിയമനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ഉന്നതവിദ്യാഭ്യസ വകുപ്പ് കോളേജ് വിദ്യാഭ്യസവകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. നിലവിൽ 54 കോളേജുകളിൽ പ്രിൻസിപ്പൽമാരില്ലാത്ത അവസ്ഥയുണ്ട്. ഈ സാഹചര്യത്തിൽ. ഡി.പി.സി. ചേർന്നു സീനിയോറിറ്റി ക്രമത്തിൽ അക്കാദമിക് യോഗ്യതയുള്ളവരെ പ്രിൻസിപ്പാളായി എത്രയും വേഗം നിയമിക്കേണ്ടതാണ്. ജനുവരി 7, 8, 9 തീയ്യതികളിൽ തിരുപ്പതിയിൽ ചേർന്ന ഐഫെക്ടോ മുപ്പത്തിഒന്നാം സ്റ്റാറ്റ്യൂട്ടറി കോൺഫറസിൽ സംഘടനയെ പ്രതിനിധീകരിച്ച് 13 പേർ പങ്കെടുത്തു. ഐഫെക്ടോ ദേശീയ സെക്രട്ടറിയായി നമ്മുടെ പ്രസിഡണ്ട് മനോജ് മാഷ് തെരഞ്ഞെടുക്കപ്പെട്ടത് സംഘടനയെ സംബന്ധിച്ചിടത്തോളം അഭിമാനകരമാണ്.

സർക്കാർ കോളേജ് അധ്യാപകർക്ക് ബി. ഓപ്ഷൻ ലഭിക്കാത്ത പ്രശ്നവും, 2016 ഫെബ്രുവരി 23 വരെ ഡ്യു ആയവർക്ക് എയ്ഡഡ് കോളേജിലെ പോലെ പ്ലെയിസ്മെന്റ് ലഭിക്കേണ്ടുന്നതിനെ സംബന്ധിച്ചും ശക്തമായ ഇടപെടൽ സംഘടന ഇനിയും നടത്തേണ്ടതുണ്ട്. 28% ഡി.എ. ലഭിക്കുന്നത് സംബന്ധിച്ച് ധനമന്ത്രിയെ കണ്ട് വേണ്ട ഇടപെടൽ നടത്തുന്നതാണ്.

പട്ടാമ്പി സംസ്കൃത കോളേജിലെ റസീന ടീച്ചർക്ക് നാളിതുവരെ നീതി ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസമന്ത്രിയെ കണ്ട് വേണ്ട ഇടപെടൽ നടത്തുന്നതാണ്. പാലക്കാട് വിക്ടോറിയ കോളേജിലെ വിഷയത്തിലും, കണ്ണൂർ സർവകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് വിഷയത്തിലും സംഘടനാ നേതൃത്വം കേസുമായി മുന്നോട്ടു പോകുന്നുണ്ട്.

ഉന്നതവിദ്യാഭ്യാസമേഖലയിൽ വരുത്തേണ്ട പരിഷ്കരണവുമായി ബന്ധപ്പെട്ട് സർക്കാർ നിയമിച്ച സമിതികളിൽ, സർവ്വകലാശാലവിഷയവുമായി ബന്ധപ്പെട്ട

സമിതി ജനുവരി മാസത്തിൽ വച്ചിരുന്ന സിറ്റിംഗ് കോവിഡ് സാഹചര്യത്തെ തുടർന്ന് മാറ്റിവച്ചിരിക്കുകയാണ്. അത് ചേരുന്നമുറയ്ക്ക് സംഘടനാനിലപാട് കൃത്യമായി അറിയിക്കുന്നതാണ്.

04.01.2022നു ഉന്നതവിദ്യാഭ്യാസമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ സംഘടന പൊതുസ്ഥലംമാറ്റം, ഏൺ വൈൽ യു ലേൺ, ഡയറക്ടർ രൂപീകരിക്കുന്ന അക്കാദമിക കമ്മിറ്റികൾ, വിദ്യാഭ്യാസമേഖലയിലെ പൊതു പ്രശ്നങ്ങൾ, സർവീസ് സംബന്ധമായ കാര്യങ്ങൾ എന്നിവ വളരെ കൃത്യമായി ഉന്നയിച്ചു. അതിൽ ഗുണപരമായ നടപടികൾ എടുക്കാമെന്ന് ഉന്നതവിദ്യാഭ്യാസമന്ത്രിയുടെ ഭാഗത്തു നിന്നും ഉറപ്പു ലഭിക്കുകയും ചെയ്തിട്ടുണ്ട്.

സിംഗിൾ ഫാക്കൽറ്റിയിൽ 16 മണിക്കൂർ നിർബന്ധമാക്കിയ കാര്യത്തിലും, പി.ജി. വെയിറ്റേജ് ഒഴിവാക്കിയപ്പോൾ അധികം വന്ന തസ്തികകൾ പുനർ നിർണയിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിലും കോളേജ് അധ്യാപകരുടെയും സർവകലാശാല അധ്യാപകരുടെയും പെൻഷൻ പ്രായം ഏകീകരിക്കുന്നത് സംബന്ധിച്ചും സർക്കാരിനും, സർക്കാരിനെ നേതൃത്വം നൽകുന്നമുന്നണിക്കും നിവേദനങ്ങൾ നൽകിയിട്ടുണ്ട്.

ലെവൽ 11, 12 എന്നീ പ്ലെയിസ്മെന്റുകൾ നടത്തുന്നതിനാവശ്യമായ സർവീസ് ഡീറ്റെയിൽസ് എ.ജി.യിൽ നിന്നും കോളേജ് വിദ്യാഭ്യാസവകുപ്പിൽ ആയിരത്തിലധികം അധ്യാപകരുടേത് എത്തിയിട്ടുണ്ട്. എന്നാൽ സെക്ഷൻ സൂപ്രണ്ട് സ്ഥലംമാറി പോയതിനാൽ പുതിയ ആൾ ചാർജ് എടുത്താൽമാത്രമേ തുടർനടപടികൾ സ്വീകരിക്കുകയുള്ളു.

കോവിഡ് സാഹചര്യത്തിലും നമുക്ക് യൂണിറ്റ്/ ജില്ലാ/ സംസ്ഥാന സമ്മേളനം സമയബന്ധിതമായി നടത്തേണ്ടതുണ്ട്. ആ കാര്യം നമുക്ക് വിശദമായി ചർച്ച ചെയ്യണം. അതുപോലെ പൊതുപണിമുടക്ക്, ഓൾ ഇന്ത്യ ഫെഡറേഷൻ ദേശീയസമ്മേളനത്തിൽ പങ്കെടുക്കുന്ന കാര്യം, സംഘശബ്ദത്തിന്റെ അടുത്ത എഡിഷൻ ഇറക്കുന്നത്, സംസ്ഥാന സമ്മേളനവുമായി ബന്ധപ്പെട്ട് നടത്തി വരുന്ന സംഘശബ്ദം സാഹിത്യ മത്സരം ഉൾപ്പെടയുള്ള കാര്യങ്ങൾ ഇന്ന് തീരുമാനിക്കണം.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് ജില്ലാസെക്രട്ടറിമാർ ജില്ലാ റിപ്പോർട്ടിംഗ് നടത്തി. അതിനുശേഷം സംസ്ഥാനപ്രവർത്തകസമിതിഅംഗങ്ങൾ ജനറൽ സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ടിൻമേലും ഓരോ അജണ്ടയിൻമേലും വിശദമായ ചർച്ച നടത്തി. ഇതേതുടർന്ന് താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു.

**തീരുമാനങ്ങൾ**

1. സംസ്ഥാനസമ്മേളനം മാർച്ച് മാസം മൂന്നാം വാരത്തിൽ കോഴിക്കോട് വച്ച് രണ്ടു ദിവസങ്ങളിലായി നടത്താൻ തീരുമാനിച്ചു. ഫെബ്രുവരി 5നു മുൻപ് യൂണിറ്റ് സമ്മേളനങ്ങളും മാർച്ച് 5നു മുൻപ് ജില്ലാ സമ്മേളനങ്ങളും ഓൺലൈൻ ആയോ ഓഫ്ലൈൻ ആയോ കോവിഡ് സാഹചര്യം പരിഗണിച്ച് നടത്താൻ തീരുമാനിച്ചു.
2. സമ്മേളന ഫണ്ട് 1500 രൂപയായി നിശ്ചയിച്ചു.
3. സംഘടനാറിപ്പോർട്ട് തയ്യാറാക്കാൻ ജനറൽ സെക്രട്ടറി, പ്രസിഡണ്ട്, ട്രഷറർ, ഡോ. പി.പി. പ്രകാശൻ, ഡോ. പ്രിൻസ് പി.ആർ., രജിത സി. ആർ, സൗമ്യ എസ് എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചു.
4. അഖിലേന്ത്യ പണിമുടക്ക് മാർച്ച് 28, 29 തീയതികളിൽ നടക്കുമ്പോൾ അതിൽ സജീവമായി പങ്കെടുക്കാൻ തീരുമാനിച്ചു.
5. ഫെഡറേഷൻ ദേശീയസമ്മേളനത്തിൽ സംഘടനയുടെ ട്രഷറർ ഡോ. മുഹമ്മദ് റഫീഖിനെ പങ്കെടുപ്പിക്കാൻ തീരുമാനിച്ചു.

6. സംഘശബ്ദത്തിന്റെ അടുത്ത ലക്കം എത്രയും വേഗം ഇറക്കാനും സംസ്ഥന സമ്മേളനവുമായി ബന്ധപ്പെട്ട് കോളേജ് വിദ്യാർത്ഥികൾക്കായി സാഹിത്യ മത്സരങ്ങൾ നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചു.
7. ജില്ലാ സമ്മേളനത്തിൽ പങ്കെടുക്കേണ്ടുന്ന സംസ്ഥാനഭാരവാഹികളെ തീരുമാനിച്ചു. പേരുവിവരം താഴെ കൊടുക്കുന്നു.
   തിരുവനന്തപുരം – ഡോ. എൻ. മനോജ് (സംസ്ഥാന പ്രസിഡണ്ട്)
   കൊല്ലം – ഡോ. ഗീത നമ്പിയാർ (വൈസ് പ്രസിഡണ്ട്)
   കോട്ടയം – ശശി സി. ടി. (മേഖല സെക്രട്ടറി)
   ഇടുക്കി – രഘുദാസ് (മേഖല സെക്രട്ടറി)
   എറണാകുളം – ഡോ.എം.സത്യൻ (ജനറൽ സെക്രട്ടറി)
   തൃശൂർ – ഡോ. സന്തോഷ്ടി. വർഗീസ് (മേഖല സെക്രട്ടറി)
   മലപ്പുറം – ഡോ.രാജേഷ്കുമാർ പി. (വൈസ് പ്രസിഡണ്ട്)
   പാലക്കാട് – ഡോ. എൻ. മനോജ് (സംസ്ഥാന പ്രസിഡണ്ട്)
   കോഴിക്കോട് – ഡോ. എം.സത്യൻ (ജനറൽ സെക്രട്ടറി)
   വയനാട് – ഡോ.മുഹമ്മദ് റഫീഖ്.ടി (ട്രഷറർ)
   കണ്ണൂർ – ഡോ.മുഹമ്മദ് റഫീഖ്.ടി (ട്രഷറർ)
   കാസർഗോഡ് – ഡോ. വിനു ഭാസ്കർ (മേഖല സെക്രട്ടറി)
8. അറബിക് അധ്യാപകരുടെ സർവ്വീസ് വിഷയം, മ്യൂസിക് കോളേജ് അധ്യാപകർക്ക് യു.ജി.സി അനുവദിക്കൽ' വിഷയത്തിൽ സജീവ ഇടപെടൽ നടത്തും.
9. ഡി.എ കുടിശിക ,അധ്യാപകർക്ക് ബി.ഓപ്ഷൻ ആനുകൂല്യം, 23/02/2016 വരെ ലഭിക്കേണ്ട പ്ലെയിസ്മെന്റ് ഇളവ് തുടങ്ങിയ കാര്യത്തിൽ എത്രയും വേഗം അനുകൂല തീരുമാനത്തിനായി ഇടപെടും.
10. അധ്യാപകരുടെ അടുത്ത അക്കാദമിക് വർഷത്തെ പൊതു സ്ഥലമാറ്റനടപടികൾ തുടങ്ങുന്നതിനായി കോളേജ് വിദ്യാഭ്യാസവകുപ്പിൽ വേണ്ട ഇടപെടൽ നടത്തും

യോഗം ഉച്ചക്ക് 1.30ന് അവസാനിച്ചു.

അഭിവാദ്യങ്ങളോടെ,

തിരുവനന്തപുരം
29-01-2022

ഡോ. എം. സത്യൻ
ജനറൽ സെക്രട്ടറി